പുനലൂർ ഗവൺമെന്റ് പോളിടെക്നിക്

161 [760] ശ്രീ. പി. എസ്. സുപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുനലൂർ ഗവൺമെന്റ് പോളിടെക്നിക് എന്നാണ് ആരംഭിച്ചതെന്ന് വ്യക്തമാക്കുമോ;

(ബി) ഇതിന് എ.ഐ.സി.ടി.ഇ.-യുടെ സ്ഥിരം അംഗീകാരം ലഭിച്ചിട്ടുണ്ടോ;

(സി) സ്ഥിരം അംഗീകാരം ലഭിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ ;

(ഡി) പോളിടെക്നിക്കിനുവേണ്ടി കൊല്ലം ജില്ലാപഞ്ചായത്തിന്റെ സഹായത്തോടെ പുനലൂർ മുനിസിപ്പാലിറ്റി വാങ്ങിയ സ്ഥലം സാങ്കേതിക വിദ്യാഭ്യാസ വകുപ്പിന് കൈമാറിയിട്ടുണ്ടോ ;

(ഇ) സ്ഥലം കൈമാറണമെന്ന് സാങ്കേതിക വിദ്യാഭ്യാസവകുപ്പ് ആവശ്യപ്പെട്ടിട്ടുണ്ടോ;

(എഫ്) പ്രസ്തുത പോളിടെക്നിക്കിന് കെ. ഐ. പി. വക സ്ഥലം ലഭ്യമാക്കിയിട്ടുണ്ടോ ;

(ജി) ഈ സ്ഥലം സാങ്കേതിക വിദ്യാഭ്യാസ വകുപ്പിന് കൈമാറുന്ന നടപടി ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ ;

(എച്ച്) പുനലൂർ ഗവൺമെന്റ് പോളിടെക്നിക്കിന് എ.ഐ.സി.ടി.ഇ.-യുടെ സ്ഥിര അംഗീകാരം ലഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) 1998-99 വർഷത്തിൽ.

(ബി) ഇല്ല.

(സി) നിലവിലുള്ള എഞ്ചിനീയറിംഗ് ടെക്നോളജി കോഴ്സുകൾക്ക് ഗ്രാമപ്രദേശത്ത് 10 ഏക്കർ സ്ഥലവും, കോർപ്പറേഷൻ/മുനിസിപ്പാലിറ്റി/മെട്രോസിറ്റി പ്രദേശങ്ങളിൽ 5 ഏക്കർ സ്ഥലവും വേണം. കൂടാതെ എ.ഐ.സി.ടി.ഇ. നിബന്ധന പ്രകാരമുള്ള അടിസ്ഥാന കെട്ടിട സൗകര്യങ്ങളും ക്ലാസ് റൂം സൗകര്യങ്ങളും, കംപ്യൂട്ടർ ലൈബ്രറി സൗകര്യങ്ങളും അദ്ധ്യാപകരും മറ്റു പഠനസൗകര്യങ്ങളും ആവശ്യമാണ്.

(ഡി) ഇല്ല.

(ഇ) ഉണ്ട്.

(എഫ്) ഉണ്ട്.

(ജി) നടപടികൾ സ്വീകരിച്ചുവരുന്നു.

(എച്ച്) അംഗീകാരം ലഭിക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു.

2/2308/2012/DTP.

LIBRARY ARCHIVES Kerala Legislative Assembly